പതിനാലാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 2606 — 12.02.2019-ൽ മറുപടിയ്ക്ക്

## നവോത്ഥാന നായകരുടെ പേരിൽ സാംസ്കാരിക കേന്ദ്രങ്ങൾ

| ചോദ്യം<br>ശ്രീ. ജോൺ ഫെർണാണ്ടസ് | ഉത്തരം<br>ശ്രീ.എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ മന്ത്രി) |
|---|---|
| (എ) കേരളത്തിലെ പതിനാല് ജില്ലകളിലും 50 കോടി രൂപ വീതം ചെലവാക്കി നവോത്ഥാന നായകരുടെ പേരിൽ ഓരോ സാംസ്കാരിക കേന്ദ്രങ്ങൾ സ്ഥാപിക്കുന്ന പദ്ധതിയുടെ നിജസ്ഥിതി വ്യക്തമാക്കാമോ; | (എ) നവോത്ഥാന നായകരുടെ പേരിൽ ഓരോ ജില്ലയിലും സാംസ്കാരിക സമുച്ചയം സ്ഥാപിക്കുകയെന്ന പദ്ധതി പ്രകാരം ഭൂമി ലഭ്യമായ പാലക്കാട്, കാസർഗോഡ്, കൊല്ലം ജില്ലകളിൽ നിർമ്മാണ പ്രവർത്തനങ്ങൾക്കായി ടെണ്ടർ നടപടികൾ പൂർത്തിയായി വരുന്നു. ഇടുക്കി, മലപ്പുറം, തൃശ്ശൂർ, പത്തനംതിട്ട, കണ്ണൂർ, ആലപ്പുഴ ജില്ലകളിൽ ഭൂമി കണ്ടെത്തുകയും അതിന്റെ കൈവശാവകാശം സാംസ്കാരിക വകുപ്പിന് കൈമാറി ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. മറ്റ് ജില്ലകളിൽ അനുയോജ്യമായ ഭൂമി കണ്ടെത്താനുള്ള നടപടി പുരോഗമിക്കുകയാണ് |
| (ബി) ഇതിന്റെ ഡി.പി.ആർ. തയ്യാറാക്കിയിട്ടുണ്ടോ; അറിയിക്കാമോ; | (ബി) പാലക്കാട്, കാസർഗോഡ്, കൊല്ലം ജില്ലകളിൽ നിർമ്മിക്കുന്ന സാംസ്കാരിക സമുച്ചയത്തിന്റെ ഡി.പി.ആർ പൂർത്തിയായിട്ടുണ്ട്. |
| (സി) എറണാകുളം ജില്ലയിൽ എവിടെയാണ് ഇതിനായി സ്ഥലം കണ്ടെത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | (സി) എറണാകുളം ജില്ലയിലെ വിവിധയിടങ്ങളിൽ സ്ഥല പരിശോധന നടത്തിയെങ്കിലും അനുയോജ്യമായ ഭൂമി ഇത് വരെയും കണ്ടെത്തിയിട്ടില്ല. |

സെക്ഷൻ ഓഫീസർ